1961
OF THE COCHIN LEGISLATIVE COUNCIL.

COCHIN LEGISLATIVE COUNCIL.

20th of February 1930.

Thursday, *the*

9th of Kumbhom 1105.

The House met at Half past Eleven of the Clock with the President in the Chair. Messrs. E. Ikkanda Warriar, K. T. Mathew and I. Raman Menon were absent.

Questions and Answers.

Malayalam Short-hand Reporter.

243. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൌൺസ്സിൽ സ്റ്റാഫിലെ മലയാളം ചുരുക്കെഴുത്തുകാരൻ അവുധിയിൽ പ്രവേശിച്ചിട്ട കാലമെത്രയായി;

(b) പകരം നിയമിച്ചിരിക്കുന്നതു ആരെയാണു; ടിയാൻ ഈ വിഷയത്തിൽ പരീക്ഷായോഗ്യതയും സർട്ടിഫിക്കറ്റും ഉള്ള ആളാണൊ;

(c) മേൽപ്രകാരമുള്ള ആരെങ്കിലും—qualified men—ജോലിക്കപേക്ഷിക്കയുണ്ടായൊ; ഉണ്ടായെങ്കിൽ ആരെല്ലാം; തക്കതായ ഒരാളെ പകരം നിയമിക്കാതിരിക്കാൻ കാരണം പറയുമൊ?

മിസ്റ്റർ ടി കെ. കൃഷ്ണമേനോൻ.—(a) ഇപ്പോൾ പത്തു മാസത്തിലധികമായി

(b) മിസ്റ്റർ ഇ. പി. ഗോപാലമേനോൻ, ബി. എ. അല്ല.

(c) ഇല്ല. ഇപ്പോഴത്തെ എഴുപ്പാട് ശരിയായി തോന്നാത്തതിനാൽ സ്ഥിരക്കാരന്റെ എഴുത്തുകൊണ്ടും പ്രവൃത്തികൊണ്ടും ഓരോ മീറ്റിങ്ങിനു മുമ്പായി ടിയാൻ ജോലിയിൽ പ്രവേശിക്കുമെന്നാണു വിചാരിച്ചു പോരുന്നതു. അധികമായ ആപ്പീസ് ജോലിക്കും സല്പകാലത്തെ ഈ ജോലിക്കും ആയി പകരത്തിനു മലയാളം ചുരുക്കെഴുത്തിൽകൂടി വിദഗ്ധനായ ഒരാളെ കിട്ടുവാൻ പ്രയാസമാണ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇപ്പോൾ പകരത്തിനല്ലാതെ ആരുടെയെങ്കിലും അപേക്ഷയുണ്ടൊ?

മിസ്റ്റർ ടി. കെ. കൃഷ്ണമേനോൻ.—ഇല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—സ്റ്റെയിറ്റിൽ ഷോർട്ട്ഹാൻഡ് പഠിപ്പിക്കുന്നതിനു എന്താ വിരോധം?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—വേണ്ടാളുകളെ കിട്ടിയാൽ തുടങ്ങാം.

പ്രസിഡെണ്ടു്.—എന്താ ബുദ്ധിമുട്ടു്?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ജോലി കിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്.

ഡാക്ടർ എ. ജി. മേനോൻ.—ഇംഗ്ലീഷിൽ സ്റ്റിച്ചസ് വേണ്ടെന്നുവെച്ചാൽ മതി.

പ്രസിഡെണ്ടു്.—മലയാളം വേണമെന്ന റസല്യൂഷൻ കൊണ്ടുവരികയും വേണ്ടെന്നുവെക്കുകയും മറ്റുമുണ്ടായല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly